DESPATCHED
On..17/12/21...

1

30/11/2021

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.975(6)/2021/എസ്.ഐ.സി.**
**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നം.7890/എസ്.ഐ.സി-ജി 5/2021)**

**സന്നിഹിതൻ**
**അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. തേമ്പാമൂട് സഹദേവൻ,
ഹ്യൂമൺറൈറ്റ്സ് പ്രൊട്ടക്ഷൻ ഫോറം
വെഞ്ഞാറമൂട്,
തിരുവനന്തപുരം-695607
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ഡെപ്യൂട്ടി തഹസിൽദാർ (എൽ.ആർ.എം. സെക്ഷൻ)
   താലൂക്ക് ആഫീസ്, നെടുമങ്ങാട്,
   തിരുവനന്തപുരം
2. അപ്പീൽ അധികാരി &
   തഹസിൽദാർ (എൽ.ആർ. സെക്ഷൻ)
   താലൂക്ക് ആഫീസ്, നെടുമങ്ങാട്,
   തിരുവനന്തപുരം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 18.02.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 02.03.2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 30.03.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 26.04.2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 23.07.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 23.07.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 17.08.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 30.09.2021 |
| ഹിയറിംഗ് തീയതി | 24.11.2021 |

| ഹിയറിംഗിലെ സാന്നിദ്ധ്യം | |
|---|---|
| ഹർജിക്കാരൻ | ഹാജരായി |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. തേമ്പാമൂട് സഹദേവൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ലഭ്യമായ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന് അപ്പീൽ അധികാരി തീർപ്പാക്കിയ ഉത്തരവിൽ മറുപടി നൽകാൻ നിർദ്ദേശിച്ചുവെങ്കിലും യാതൊരു മറുപടിയും ഒന്നാം എതിർകക്ഷി ലഭ്യമാക്കിയില്ലെന്നും ടിയാൻ ആവശ്യപ്പെട്ട ചോദ്യങ്ങൾക്കുളള മറുപടി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 18.02.2021 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, പുലമ്പാറ വില്ലേജിലെ ബ്ലോക്ക് നമ്പർ 23 ന്റെ ഫീൽഡ് രജിസ്റ്ററിൽ 698 (സർവ്വെ നമ്പർ) എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് തെറ്റാണെന്നും ടി തെറ്റ് തിരുത്തി ലാന്റ് രജിസ്റ്റർ 2005 ലെ വിവരാവകാശ നിയമപ്രകാരം ലഭ്യമാക്കണമെന്നാണ്. ആയതിന് ഒന്നാം എതിർകക്ഷി 02.03.2021 ൽ നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാൻ ആവശ്യപ്പെട്ട ലാന്റ് രജിസ്റ്റർ ടി കാര്യാലയത്തിൽ സൂക്ഷിക്കുന്നതല്ലെന്നും ആയത് വഴുതക്കാട് സെൻട്രൽ സർവ്വെ ഓഫീസിൽ ലഭ്യമാണെന്നും അപേക്ഷയിൽ പറയുന്ന മുൻ സർവ്വെ നമ്പർ തിരുത്തുന്നതുമായി ബന്ധപ്പെട്ട് പരിശോധനയും തുടർ നടപടികളും നടന്നു വരുന്നതായി ജി6-22198/17 നമ്പർ ഫയലിൽ ലഭ്യമായിട്ടുളളതായി പരിശോധിച്ചതിൽ കാണുന്നുവെന്നും ലാന്റ് രജിസ്റ്ററിന്റെ പകർപ്പിന് 2 രൂപ ട്രഷറിയിൽ ഒടുക്കി ചെലാൻ ഹാജരാക്കുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണെന്നാണ്. പകർപ്പ് ലഭ്യമാകാത്തതിനാൽ ടിയാൻ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി ഫയലിലെ നിലവിലെ നടപടി വിവരം സഹിതം വ്യക്തമായ മറുപടി ലഭ്യമാക്കാൻ നിർദ്ദേശിച്ചതായി കാണുന്നു.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 30.09.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്നും പ്രസ്തുത മറുപടിയിന്മേൽ അപ്പീൽകക്ഷി പകർപ്പ് ഫീസ് അടവാക്കിയിട്ടുള്ളതാണെന്നും 19.03.2021 ൽ കക്ഷി ആവശ്യപ്പെട്ട ലാന്റ് രജിസ്റ്ററിന്റെ പകർപ്പ് നൽകിയിട്ടുള്ളതാണെന്നും എന്നാൽ ടിയാൻ വിവരാവകാശ നിയമപ്രകാരം എസ്.പി.ഐ.ഒ. മുമ്പാകെ നൽകിയ ലാന്റ് രജിസ്റ്ററിന്റ പകർപ്പ് തന്നെയാണ് തിരിതെ നൽകിയതെന്നാണ് ടിയാൻ ആക്ഷേപം ഉന്നയിച്ചിട്ടുള്ളതെന്നും ഫയൽ പരിശോധിച്ചതിൽ നിന്നും ആയത് വ്യക്തമാവുകയും വ്യക്തമായ മറുപടി നൽകുന്നതിന് എസ്.പി.ഐ.ഒ. യോട് നിർദ്ദേശിച്ചിരുന്നുവെന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 30.09.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ ലാന്റ് രജിസ്റ്ററിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച ഉത്തരവിനായി 02.08.2021 ന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുള്ളതാണെന്നും എന്നാൽ ഇതിനിടയിൽ ടി അപ്പീൽ ഉത്തരവ് ജി-6 സീറ്റിൽ ലഭിച്ച വിവരം അറിഞ്ഞിരുന്നില്ലെന്നും 24.09.2021 മുതൽ 25.10.2021 വരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ ടിയാനെ ആഫീസിൽ നിന്നും സ്പെഷ്യൽ തഹസിൽദാർ എൽ.എ. (PWD) സതേൺ സർക്കിൾ തിരുവനന്തപുരത്തേക്ക് അടിയന്തിരമായി ട്രൻസ്ഫർ ചെയ്തിരുന്നുവെന്നും അന്ന് എൽ.ആർ.എം. സീറ്റിന്റെ ചാർജ് ഉണ്ടായിരുന്ന ശ്രീ. ബി.റ്റി. സതീഷ് കുമാർ (HQ DT) ആണ് അപേക്ഷകന് 24.09.2021ന് മറുപടി നൽകിയിരുന്നതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജി ക്കാരന്റെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടിയാൻ ആവശ്യപ്പെട്ട രേഖ നൽകിയിട്ടില്ലെന്നാണ് ഹിയറിംഗിൽ ഹർജികക്ഷി മൊഴി നൽകിയത്. ടിയാന്റെ ഒന്നാം അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി മറുപടി നൽകാൻ ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിച്ചുവെങ്കിലും നൽകിയതായി കാണുന്നില്ല. നെടുമങ്ങാട് താലൂക്കിൽ പുല്ലമ്പാറ വില്ലേജിൽ ബ്ലോക്ക് നം. 23 ൽ റീസർവ്വെ

നം. 254/3 ന്റെ മുൻസർവ്വെ നം. ലാന്റ് രജിസ്റ്ററിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ജില്ലാ കളക്ടർ സർവ്വെ ഡയറക്ടർക്ക് 13.09.2021 ൽ കത്ത് നൽകുകയും ആയതിന്റെ പകർപ്പ് ടി ഓഫീസിലേക്ക് അയച്ചു തന്നിട്ടുള്ളതുമാണെന്നും ആയത് ലഭ്യമായാൽ ഉടൻ തന്നെ ഹർജിക്കാരന്റെ പരാതിയിൽ അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്നാണ് ഒന്നാം എതിർകക്ഷി ഹിയറിംഗിൽ മൊഴി നൽകിയത്. ഹർജിക്കാരൻ ആവശ്യപ്പെട്ട പൂർണ്ണ വിവരവും 23.11.2021 ൽ കമ്മീഷനിൽ നൽകിയ റിപ്പോർട്ടിന്റെ പകർപ്പും ഈ ഉത്തരവ് കൈപ്പറ്റി 20 ദിവസങ്ങൾക്കുള്ളിൽ ഒന്നാം എതിർകക്ഷി ഹർജികക്ഷിക്ക് അയച്ചു നൽകേണ്ടതാണെന്നു കമ്മീഷൻ ഉത്തരവാകുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, നവംബർ 30-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp